# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 783 — 11.03.2015-ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു കീഴിൽ സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ; | (എ) ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു കീഴിൽ സംസ്ഥാനത്ത് താഴെ പറയുന്ന സഞ്ചരിക്കുന്ന ആശുപത്രികൾ (ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ / മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ) പ്രവർത്തിച്ചു വരുന്നു.<br>തിരുവനന്തപുരം - 1<br>കൊല്ലം - 1<br>പത്തനംതിട്ട - 3<br>ആലപ്പുഴ - 3<br>കോട്ടയം - 0<br>ഇടുക്കി - 3<br>എറണാകുളം - 3<br>തൃശ്ശൂർ - 1<br>പാലക്കാട് - 4<br>മലപ്പുറം - 3<br>കോഴിക്കോട് - 0<br>വയനാട് - 2<br>കണ്ണൂർ - 1<br>കാസർഗോഡ് - 0 |
| (ബി) സഞ്ചരിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം, ജീവനക്കാർ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ ; | (ബി) ഈ യൂണിറ്റിൽ ഒരു ഡോക്ടർ, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ജോലി ചെയ്യുന്നു. വാഹനസൗകര്യം കുറഞ്ഞ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ സേവനം ലഭ്യമാക്കുക എന്നതാണ് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ പ്രധാനം. ട്രൈബൽ കോളനികളിൽ മെഡിക്കൽ യൂണിറ്റ് സഞ്ചരിച്ച് കോളനി നിവാസികൾക്ക് ആവശ്യമായ ചികിത്സ, കുട്ടികളുടേയും ഗർഭിണികളുടേയും ഇമ്മ്യൂണൈസേഷൻ തുടങ്ങിയവ നടത്തുന്നു. |

| | | | |
|---|---|---|---|
| (സി) | സഞ്ചരിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ ; | (സി) | മൊബൈൽ യൂണിറ്റിലെ അംഗങ്ങളുടെയും ബന്ധപ്പെട്ട പി.എച്ച്.സി. യിലെ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ജില്ലാതലത്തിൽ വിളിച്ചുകൂട്ടി ടി യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ഡി) | സേവനം നൽകേണ്ട ഓരോ മേഖലയിലും, ഓരോ മാസവും പ്രസ്തുത ആശുപത്രിയുടെ സേവനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം നൽകാമോ ? | (ഡി) | ഓരോ മാസവും നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ഓഫീസിൽ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ